# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7222 16-07-2012-ൽ മറുപടിക്ക്

## ഭൂമി പതിച്ചു കിട്ടുന്നതിന് നൽകിയിട്ടുള്ള അപേക്ഷകൾ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഒരു കുടുംബത്തിന് പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; | (എ) നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഓരോ പ്രദേശത്തും പതിച്ചു നൽകുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുള്ളതാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ ഭവന നിർമ്മാണത്തിന് 15 സെന്റ് വരെയും കൃഷി ആവശ്യത്തിന് സമതലങ്ങളിൽ 50 സെന്റ് വരെയും മലയോര മേഖലകളിൽ ഒരു ഏക്കർ ഭൂമി വരെയും പതിച്ചു നൽകാവുന്നതാണ്. എന്നാൽ ഭൂരഹിത ഭവന നിർമ്മാണത്തിന് മാത്രം ഭൂമി പതിച്ചു നൽകിയാൽ മതിയെന്നും, മറ്റാവശ്യങ്ങൾക്ക് ഭൂമി പാട്ടത്തിന് അനുവദിച്ചാൽ മതിയെന്നും 27.7.2011-ലെ ജി.ഒ.(എം.എസ്) 280/2011/ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. 1995-ലെ കേരള മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം |

(............2)

| | |
|---|---|
| | ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് മുനിസിപ്പൽ പ്രദേശങ്ങളിൽ 5 സെന്റും കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റും പതിച്ചു നൽകാവുന്നതാണ്. കൂടാതെ 1.1.1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ (4) പ്രകാരം നാല് ഏക്കർ ഭൂമി വരെ പതിച്ചു നൽകുന്നതിനും വ്യവസ്ഥയുണ്ട്. |
| ബി) കാലാകാലങ്ങളായി കൈവശത്തിലിരിക്കുന്ന ഭൂമി പതിച്ചു കിട്ടുന്നതിന് നൽകിയിട്ടുള്ള അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി)<br>ഇല്ല. ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. |
| സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ